**ജില്ലാതല അദാലത്ത് സമിതി യോഗം - 13**

16/01/2024 ൽ ഓൺലൈൻ ആയി നടന്ന മീറ്റിംഗിൽ പരിഗണിച്ച പരാതികളും ആയതിൻമേൽ തദ്ദേശസ്ഥാപനങ്ങൾക്ക് നൽകുന്ന ഉപദേശങ്ങളും ചുവടെ ചേർക്കുന്നു.

**പരാതി നം.1**

പരാതിക്കാരൻ്റെ പേര് - എൻ. കൃഷ്ണൻ, NITVE old TC 54/225(2), (3), (4) ഹൗസ്,
പാപ്പനംകോട്.പി.ഒ, നേമം. New 56/270 (1), (5), (6) തിരുവനന്തപുരം -18.

പരാതി വിഷയം - കരമന - കളിയിക്കാവിള റോഡ് വികസനത്തിന് സ്ഥലവും കെട്ടിടവും കൊടുത്തത് സംബന്ധിച്ച നിയമസഹായ ആവശ്യം, കെട്ടിട നിർമ്മാണ ചട്ടലംഘനം സംബന്ധിച്ച നടപടിയിൽ നിന്നും ഒഴിവാക്കണമെന്ന അവശ്യം- സംബന്ധിച്ച്.

സൂചന - സിറ്റിസൺ അസിസ്റ്റൻസ് തിരുവനന്തപുരം ജില്ലാതല അദാലത്ത് സമിതി കൺവീനറുടെ ലോഗിനിൽ ലഭിച്ച BPTVPMC0167000017 ഡോക്കറ്റ് നമ്പർ പരാതി.

**പരാതിയിൻമേൽ തിരുവനന്തപുരം ജില്ലാതല അദാലത്ത് സമിതി തിരുവനന്തപുരം കോർപ്പറേഷൻ സെക്രട്ടറിക്ക് നൽകുന്ന ഉപദേശം**

കരമന-കളിയിക്കാവിള റോഡ് വികസനത്തിന് വേണ്ടി തൻ്റെ കെട്ടിടത്തിൻ്റെ മുൻവശം മുറിച്ചു മാറ്റുകയുണ്ടായെന്നും ഈ ഭാഗത്ത് NH അധികൃതർ 14 അടി പൊക്കിയാണ് റോഡ് വികസനം നടത്തിയത് എന്നതിനാൽ തൻ്റെ കെട്ടിടത്തിൽ കയറാൻ മാർഗതടസ്സം ഉണ്ടായതിനാൽ open space ആയി വിട്ടിരുന്ന മുൻവശത്ത് മൂന്ന് തൂണുകൾ നിർമ്മിച്ച് മുറിച്ചുമാറ്റിയ കെട്ടിടഭാഗം ഉൾപ്പെടുത്തി NH -ൽ നിന്നും കെട്ടിടത്തിലേക്ക് കയറാനുള്ള മാർഗം സൃഷ്ടിച്ചുവെന്ന് ശ്രീ. കൃഷ്ണൻ തൻ്റെ പരാതിയിൽ പരാമർശിക്കുന്നു. തൻ്റെ ഈ നടപടിക്കെതിരെ അയൽവാസിയായ ശ്രീ. സൈമൺ കോർപ്പറേഷനിൽ പരാതി കൊടുക്കുകയും കെട്ടിടനിർമ്മാണ ചട്ടലംഘനത്തിനെതിരെ കോർപ്പറേഷൻ നടപടി സ്വീകരിക്കാൻ തുടങ്ങുകയും ചെയ്തതായും നാടിൻ്റെ വികസനത്തിനായി കെട്ടിടവും ഭൂമിയും വിട്ടു കൊടുത്ത വിമുക്തഭടനായ തന്നെ കോർപ്പറേഷനിൽ നിന്ന് ആരംഭിച്ചിരിക്കുന്ന നിയമനടപടികളിൽ നിന്നും ഒഴിവാക്കണമെന്നും ശ്രീ.കൃഷ്ണൻ ആവശ്യപ്പെട്ടിരിക്കുന്നു. അപേക്ഷയോടൊപ്പം ശ്രീ. കൃഷ്ണൻ അയൽവാസിയായ ശ്രീ. സൈമൺ കോർപ്പറേഷനിൽ നൽകിയ പരാതി പകർപ്പ് ഉള്ളടക്കം ചെയ്തിരിക്കുന്നു. ഈ പരാതിയിൽ ശ്രീ. കൃഷ്ണൻ്റെ കെട്ടിടത്തിൻ്റെ കിഴക്കുവശത്തുള്ള നിർമ്മാണം തീർത്തും അനധികൃതമാണെന്നും തൻ്റെ പുരയിടത്തിൻ്റെ അതിർത്തിയോട് ചേർന്നിട്ടുള്ളതാണെന്നും ഇത് തനിക്ക് ഉപദ്രവകരമായിട്ടുള്ളതാണെന്നും ആയതിനാൽ ടി അനധികൃത നിർമ്മാണത്തിനെതിരെ നടപടി സ്വീകരിക്കണമെന്നും കോർപ്പറേഷനോട് അഭ്യർത്ഥിച്ചിരിക്കുന്നു.

കൃഷ്ണൻ്റെ നിവേദനത്തിൻ്റെ അടിസ്ഥാനത്തിൽ സ്ഥലം സന്ദർശിക്കുകയുണ്ടായി. റോഡിൻ്റെ Height വർദ്ധിച്ചതുമൂലം കൃഷ്ണൻ്റെ കെട്ടിടത്തിൻ്റെ ഒന്നാം നിലയുടെ തറലെവലും റോഡിൻ്റെ ലെവലും ഒന്നായി കാണപ്പെട്ടു. കൃഷ്ണൻ്റെ കെട്ടിടത്തിലേക്ക് വാഹനം കയറ്റുന്നതിനായി വലതു ഭാഗത്തായി സൈമണിൻ്റെ വസ്തുവിൻ്റെ അതിർത്തി നിലവിലുള്ള കെട്ടിടത്തിൻ്റെ അതിർത്തിയിൽ നിന്നും 75 സെ.മീ.മാത്രം വിട്ട് 3 പില്ലറുകൾ, 4.2 മീറ്റർ പൊക്കത്തിൽ വാർത്ത് 1-ാം നിലയുടെ ഫ്ളോർ-ന് സമമായി 7 മീറ്റർ നീളം, 2.35 മീറ്റർ വീതിയിൽ സ്ലാബ് വാർത്തിരിക്കുന്നതായി കാണാൻ കഴിഞ്ഞു. മാത്രവുമല്ല ശ്രീ. സൈമൺൻ്റെയും ശ്രീ. കൃഷ്ണൻ്റെയും ഭൂമിയുടെ അതിർത്തി വേർതിരിക്കുന്ന മതിലിന് മുകളിൽ മതിലിനോട് ചേർത്ത് താൽക്കാലിക റൂഫ് നിർമ്മിച്ച് ടി മതിലിനോട് ചേർത്ത് ടി മതിലിൻ്റെ ഉയരം വർദ്ധിപ്പിച്ചിരിക്കുന്ന പ്രവൃത്തി ശ്രീ. കൃഷ്ണൻ നടത്തിയിട്ടുള്ളതായി കാണുന്നു. ശ്രീ.കൃഷ്ണൻ നടത്തിയ ടി പ്രവൃത്തികൾ 2019-ൽ ഭേദഗതി വരുത്തുന്നതിന് മുമ്പുള്ള കേരള മുനിസിപ്പൽ ബിൽഡിംഗ് റൂൾസിൻ്റെ 24/5 ചട്ടത്തിൻ്റെ ലംഘനമായി കണക്കാക്കാവുന്നതാണ്. (2019 മുതൽ പ്രാബല്യത്തിലുള്ള KMBR ൻ്റെ 24/26(4) സ്ഥല പരിശോധനയിൽ മേൽ പരാമർശ പ്രകാരമുള്ള ചട്ടലംഘനങ്ങൾ കണ്ടെത്തിയ സാഹചര്യത്തിലും ശ്രീ.സൈമൺ അതിനെതിരെ കോർപ്പറേഷനിൽ പരാതി സമർപ്പിച്ചിരിക്കുന്നതിനാലും കേരള മുനിസിപ്പൽ ബിൽഡിംഗ് റൂൾസ് പ്രകാരമുള്ള ഉചിതമായ തുടർനടപടികൾ സ്വീകരിക്കാൻ തിരുവനന്തപുരം കോർപ്പറേഷൻ സെക്രട്ടറിയോടും എഞ്ചിനീയറിംഗ് വിഭാഗത്തോടും ജില്ലാതല അദാലത്ത് സമിതിയോഗം ഉപദേശിച്ച് തീരുമാനിച്ചു.

K. PRESANTH KUMAR
DEPUTY DIRECTOR
OFFICE OF THE JOINT DIRECTOR
LOCAL SELF GOVT. DEPARTMENT
THIRUVANANTHAPURAM

JYOTHIS.V
ASSISTANT DIRECTOR-1
OFFICE OF THE JOINT DIRECTOR
LOCAL SELF GOVT. DEPARTMENT
THIRUVANANTHAPURAM